സി.കെ.ജി.എം. ഗവൺമെന്റ് കോളേജിൽ അദ്ധ്യാപകരെ നിയമിക്കണമെന്ന ആവശ്യം

73 (2053) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാംപ്ര സി.കെ.ജി.എം. ഗവൺമെന്റ് കോളേജിൽ അദ്ധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വിദ്യാർത്ഥികളുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ഗവൺമെന്റ് കോളേജുകളിലെ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിച്ച് ഒഴിവ് നികത്തുന്നതിന് പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ അസിസ്റ്റന്റ് ലക്ചറർ നിയമനം

74 (2054) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തിക നിറുത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വിശദവിവരം നൽകുമോ ;

(സി) ജി.ഒ.(എം.എസ്.)നം.50/98/എച്ച്.എഡ്യൂ.ഡേറ്റ് തിരുവനന്തപുരം 16-4-1998-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിടെക്നിക്കിൽ അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രേണിക്സ്) തസ്തികയിൽ നിയമനം നൽകാൻ ശ്രീ. കെ. ജി. ശിവദാസന് ഉത്തരവ് ലഭിച്ചിട്ടും നിയമനം നൽകുന്നതിൽ കാലതാമസം നേരിടാൻ ഉള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തിക നിറുത്തലാക്കി എങ്കിൽ പകരം ലക്ചറർ തസ്തികയിൽ നിയമനം നൽകണമെന്ന അപേക്ഷ ശ്രീ. ശിവദാസനിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) 16-4-1998-ൽ ഇറക്കിയ ജി.ഒ.യ്ക്ക് ശേഷം ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനപ്രകാരം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിയമനം നൽകിയവരുടെ പേരും ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകിയതെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(എച്ച്) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ.ഐ.സി.റ്റി.ഇ. അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പോളിടെക്നിക്കുകളിലെ സ്റ്റാഫ് പാറ്റേൺ ജി.ഒ(എം.എസ്)നം.158/98/ഉ.വി.വ തീയതി 21-12-1998 പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. എ.ഐ.സി.റ്റി.ഇ. മാർഗ്ഗ രേഖയിൽ അസിസ്റ്റന്റ് ലക്ചറർ തസ്തിക ഇല്ല. അതനുസരിച്ച് അസിസ്റ്റന്റ് ലക്ചറർ തസ്തിക പോളിടെക്നിക്കിൽ നിറുത്തലാക്കി. നിറുത്തലാക്കിയ അസിസ്റ്റന്റ് ലക്ചറർ തസ്തികകൾ ലക്ചറർ തസ്തികകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലക്ചററായി തുടരുന്നവർ അവർ സർവ്വീസിൽ നിന്നും വിരമിക്കുമ്പോഴോ, തസ്തിക ഒഴിഞ്ഞുപോകുമ്പോഴോ അവ ഇല്ലാതാകുന്നതാണ്.

(സി) ശ്രീ. ശിവദാസനെ അടുത്തുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നതിനാണ് ഉത്തരവ്. ടി ഉത്തരവിന് ശേഷം അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തികയിൽ ഒഴിവുണ്ടായിട്ടില്ല. ജി.ഒ.(എം.എസ്.) 158/98/ഉ.വി.വ. 21-12-1998എന്ന ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ലക്ചർ തസ്തിക നിറുത്തലാക്കുകയും ചെയ്തു.

(ഡി) ഉണ്ട്.

(ഇ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങുകയും ആയതും അപേക്ഷയും പരിശോധിച്ചുവരികയുമാണ്.

(എഫ്) ഈ ഉത്തരവിനുശേഷം അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തികയിൽ ആശ്രിത നിയമനപ്രകാരം നിയമനം നടത്തിയിട്ടില്ല.

(ജി) ബാധകമല്ല.

(എച്ച്) നിലവിൽ 12 ഒഴിവുകൾ ഉണ്ട്. അവയെല്ലാം പി.എസ്.സി.യെ അറിയിച്ചിട്ടുമുണ്ട്.

ഐ.എച്ച്.ആർ.ഡി.ഇ.യിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

75 (2055) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.ഇ.യിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ ഡയറക്ടർ ശ്രീ. എം. പി. നായർ, അഡീഷണൽ ഡയറക്ടർ ശ്രീ. സുകുലാൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. രവീന്ദ്രൻ നായർ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly